പതിമൂന്നാം കേരളനിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1504 21.03.2012 ൽ മറുപടിക്ക്

## കൊച്ചി ബിനാലെ ഫൗണ്ടേഷൻ ട്രസ്റ്റിന് സഹായം

ചോദ്യം
ശ്രീ. സി. മോയിൻ കുട്ടി
ശ്രീ. കെ. എൻ. എ. ഖാദർ

മറുപടി
ശ്രീ. കെ. സി. ജോസഫ്
(ബഹു. ഗ്രാമ വികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊച്ചി ബിനാലെയ്ക്ക് ഫൗണ്ടേഷൻ ട്രസ്റ്റിന് സർക്കാർ ഗ്രാന്റ് അനുവദിച്ചു നല്കിയിട്ടുണ്ടോ; എങ്കിൽ എന്തു തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | കൊച്ചി ബിനാലെ ഫൗണ്ടേഷൻ ട്രസ്റ്റിന് ഈ സർക്കാർ ഗ്രാന്റ് ഒന്നും അനുവദിച്ചു നൽകിയിട്ടില്ല ; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 5 കോടി രൂപ ടൂറിസം വകുപ്പിൽ നിന്നും അനുവദിച്ചിരുന്നു. |
| (ബി) | കൊച്ചി ബിനാലെ ഫൗണ്ടേഷൻ ട്രസ്റ്റ് രൂപീകരിച്ചത് എന്നാണ്; ഇത് സ്വകാര്യ ട്രസ്റ്റാണോ എന്നും ട്രസ്റ്റിലെ അംഗങ്ങളുടെ പേരുവിവരം, പദവി, മേൽവിലാസം എന്നിവ ഉൾപ്പെടെയുള്ള വിവരം വെളിപ്പെടുത്തുമോ ; | (ബി) | കൊച്ചി ബിനാലെ ഫൗണ്ടേഷൻ ട്രസ്റ്റ് 04/08/2010 -ലാണ് രൂപീകരിച്ചത് ; ഇത് 'ഇന്ത്യൻ ട്രസ്റ്റ് അക്റ്റ് (1882 ലെ അക്റ്റ് II)' പ്രകാരം രൂപീകരിച്ച ഒരു സ്വകാര്യ ട്രസ്റ്റാണ് ; ട്രസ്റ്റിലെ അംഗങ്ങൾ -<br>1) ശ്രീ ബോസ് കൃഷ്ണമാചാരി, ചെമ്പകശ്ശേരി ഹൗസ്, മാങ്ങാട്ടുകര, പുളിയാണം, അംഗമാലി, എറണാകുളം - പ്രസിഡണ്ട്,<br>2) ശ്രീ റിയാസ് കോമു, മുല്ലകര ഹൗസ്, ഏറ്റുമന, കരുവാനൂർ, തൃശ്ശൂർ - സെക്രട്ടറി,<br>3) ശ്രീ സുനിൽ വി., വൈശ്യാപ്രത്ത് ഹൗസ്, പഞ്ചശീൽ പാർക്ക്, ന്യൂ ഡെൽഹി - ജോയിന്റ് സെക്രട്ടറി,<br>4) ശ്രീ ബോണി തോമസ്, അകത്തോട്ടു ഹൗസ്, പൂന്നാരിമംഗളം, മുളവുകാട്, എറണാകുളം - ട്രഷറർ |

| | | | |
|---|---|---|---|
| (സി) | ഈ ട്രസ്റ്റിന് സംസ്ഥാന ഗവൺമെന്റിന്റെ കീഴിലെ ഏതെങ്കിലും കലാ, സാംസ്കാരിക സ്ഥാപനവുമായി ബന്ധമോ സഹകരണമോ ഉണ്ടായിരുന്നോ എന്ന് അന്വേഷിച്ചിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ഈ ട്രസ്റ്റിന് സഹായം അനുവദിക്കും മുമ്പ് എന്തെങ്കിലും കരാർ ഉണ്ടാക്കിയിരുന്നോ ; എങ്കിൽ അതിലെ വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു എന്ന് വെളിപ്പെടുത്തുമോ ; | (ഡി) | കൊച്ചി ബിനാലെ ട്രസ്റ്റിന് സഹായം അനുവദിക്കുന്നതിന് മുൻപ് സർക്കാർ ചില നിബന്ധനകൾ വച്ചിരുന്നു ആയത് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഇ) | ഒരു പുതിയ സ്വകാര്യ ട്രസ്റ്റിന് സർക്കാർ ഖജനാവിൽ നിന്നും ഭീമമായ തുക അനുവദിക്കാനിടയായ സാഹചര്യത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്താനും ആവശ്യമായ നടപടി സ്വീകരിക്കാനും നിർദ്ദേശം നൽകുമോ ? | (ഇ) | ഇതു സംബന്ധിച്ച് പല പരാതികളും ഉണ്ടായ സാഹചര്യത്തിൽ അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1) The event may be renamed as 'Kochi – Muziris Biennale' to emphasize the importance of Muziris Heritage Project.
2) Representation of Government of Kerala nominees as Trustees – representatives of Tourism, Cultural Affairs and Finance Departments may be nominated as trustees from Government of Kerala.
3) An Apex Advisory Council to be formed with three eminent people active in the fields of art, culture and tourism as members.
4) The assets of Government to be used as venues for the Biennale should be improved in the refurbished and returned to the custodian institutions for future public use.
5) The setting up of an advisory body consists of public representatives that will be involved in the planning , co-ordination and conduct of the event.
6) The involvement of Government Departments and autonomous institutions in conducting the event.

സെക്ഷൻ ഓഫീസർ